# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1089 10.06.2019 -ൽ മറുപടിക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പദ്ധതി

**ചോദ്യം**
ശ്രീ.അബ്ദുൽ ഹമീദ് പി.

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക തസ്തിക ഉൾപ്പടെയുള്ള തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ താൽ-ക്കാലിക നിയമനം വ്യാപകമായതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി വളരെ കുറച്ച് നിയമനങ്ങൾ മാത്രമേ നടക്കുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | അദ്ധ്യാപക തസ്തികകളിൽ താൽക്കാലിക നിയമനം നേരിട്ട് നടത്തുന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. അദ്ധ്യാപക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിക്കാമോ ? | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന 03.05.2017 മുതൽ ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി "കൈവല്യ" പുനരധിവാസ പദ്ധതി പുതുതായി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ച് "കരിയർ ഡെവലപ്മെന്റ് സെന്ററുകൾ" ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യം മുൻനിറുത്തി തിരുവനന്തപുരത്ത് മോഡൽ കരിയർ സെന്റർ പുതുതായി ആരംഭിക്കുകയുണ്ടായി.<br>വെബ് സൈറ്റ് വഴി രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ട്.<br>കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസു-കളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പാക്കി വരികയാണ്. ഇതേവരെ 55 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പാക്കി കഴിഞ്ഞു. ബാക്കിയുള്ള ഓഫീസുകളിൽ കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**